(ബി) അതിനുള്ള എന്തെല്ലാം നടപടികൾ ഇതുവരെ ആയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ നിർമ്മാണം എത്ര നാൾക്കകം ആരംഭിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ;

ഉത്തരം

(എ) ആറ്റിങ്ങൽ ട്രാൻസ്പോർട്ട് ഡിപ്പോയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഒന്നാം ഘട്ടമായി ചെയ്യാൻ ഉദ്ദേശിക്കുന്ന 30 എണ്ണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) രൂപരേഖ തയ്യാറാക്കുന്നതിനായി തെരഞ്ഞെടുത്ത ആർക്കിടെക്ടുകളിൽ നിന്നും മത്സര സ്വഭാവത്തിലുള്ള ഡിസൈനുകൾ ക്ഷണിച്ചിരുന്നു. എന്നാൽ അവസാന രൂപരേഖ തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.

(സി) രൂപരേഖ അംഗീകരിച്ച് നൽകുന്നതിനനുസരിച്ചു മാത്രമേ ആറ്റിങ്ങിൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

കെ.എസ്.ആർ.ടി.സി. ഓൺലൈൻ റിസർവേഷൻ സൗകര്യം

183 (780) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി-യിൽ ഓൺലൈൻ റിസർവേഷൻ സൗകര്യം നിലവിലുണ്ടോ ;

(ബി) എങ്കിൽ എത്ര ഷെഡ്യൂളുകൾക്ക് പ്രസ്തുത സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. - യിൽ ഓൺലൈൻ റിസർവേഷൻ സൗകര്യം നിലവിലുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ 18-12-2008-ൽ കോഴിക്കോട് ഡിപ്പോയിൽ നടപ്പിലാക്കിയ പ്രസ്തുത സംവിധാനം 18-11-2009-ൽ പൊതുജനങ്ങൾക്ക് നേരിട്ട് ബുക്ക് ചെയ്യാവുന്ന രീതിയിൽ നിലവിൽവന്നു.

(ബി) 214 ഷെഡ്യൂളുകൾക്ക് നിലവിൽ ഓൺലൈൻ റിസർവേഷൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

കണ്ണൂർ-കാട്ടാമ്പള്ളി-മയ്യിൽ റൂട്ടിലെ രാത്രികാല യാത്രാ ദുരിതം

184 (781) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ-കാട്ടാമ്പള്ളി-മയ്യിൽ റൂട്ടിലെ രാത്രികാല യാത്രാ ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly